**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 31** **23-07-2021 - ൽ മറുപടിയ്ക്ക്**

**അനധികൃത മരം മുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,**<br>**ശ്രീ. എ . പി . അനിൽ കുമാർ ,**<br>**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),**<br>**ശ്രീ എം വിൻസെൻറ്** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വയനാട് മുട്ടിലിൽ അനധികൃതമായി മരം മുറിച്ചു കടത്തിയ സംഭവത്തിൽ വനം ചെക്ക്പോസ്റ്റ് ഉദ്യോഗസ്ഥർ പ്രതികളെ സഹായിക്കാൻ കൂട്ടുനിന്നു എന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടോ; | (എ) | വയനാട് മുട്ടിലിൽ നിന്നും അനധികൃതമായി മരം മുറിച്ച കേസിൽ ഉൾപ്പെട്ട വീട്ടി തടികൾ ചെക്ക്പോസ്റ്റ് വഴി കടത്തിക്കൊണ്ടുപോയത് തടയുന്നതിൽ വനം ചെക്ക്പോസ്റ്റ് ജീവനക്കാർക്ക് വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഭവം സംബന്ധിച്ച അന്വേഷണത്തെ തുടർന്ന് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ വനം ചെക്ക് പോസ്റ്റ് ജീവനക്കാരായ ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറേയും, ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും കണ്ണൂർ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഇ1-3896/2021 തീയതി 28.06.2021 ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും മാറ്റി നിർത്തിയിട്ടുണ്ട്. |
| (സി) | മുൻ സർക്കാരിന്റെ കാലത്തെ വനംവകുപ്പ മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി മുട്ടിൽ മരംമുറി കേസിലെ പ്രതികളുമായി ഫോൺ സംഭാഷണം നടത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥൻ പിന്നീട് വനം വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട് മുട്ടിൽ മരംമുറി കേസിലെ പ്രതികൾക്ക് സഹായം ലഭ്യമാക്കാൻ ശ്രമിച്ചിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | കണ്ടെത്തിയിട്ടില്ല. മരം മുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും സമഗ്രമായ അന്വേഷണം സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ